കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പറളി ഗ്രാമപഞ്ചായത്ത് - കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് കേൾവി സഹായി - അനുബന്ധ ഉപകരണങ്ങൾ എന്ന പ്രോജക്റ്റ് (പ്രോ.നം. 117/ 19 അടങ്കൽ 3,60,000 രൂപ) നടപ്പാക്കാൻ പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 2814/ 2018/ തസ്വഭവ — തിരുവനന്തപുരം, തീയതി, 03.11.2018

പരാമർശം :- 1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.10.2018-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018-ലെ തീരുമാനം നം. 4.32

## ഉത്തരവ്

പറളി ഗ്രാമ പഞ്ചായത്തിലെ മനോജ് കുമാർ മകൾ മീന എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള ഉപകരണം ആവശ്യമുണ്ടെന്നും ഇത്തരം ഉപകരണങ്ങൾ KSSM മായി ബന്ധപ്പെട്ട് വാങ്ങണമെന്ന് 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നുവെന്നും ഈ കുട്ടിക്ക് ഉപയോഗിക്കേണ്ട പ്രോസസ്സർ, ആക്സസറീസ് എന്നിവ ഡൽഹിയിലുള്ള ALPS ഇന്റർ നാഷണൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നു മാത്രമേ ലഭിക്കൂ എന്ന് കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിലെ ENT ഓഡിയോളജി വകുപ്പിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ ഈ സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

പരാമർശം(2)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.32 നമ്പർ തീരുമാനപ്രകാരം പറളി ഗ്രാമ പഞ്ചായത്തിലെ മനോജ് കുമാർ മകൾ മീന എന്ന കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷനു ശേഷമുള്ള ഉപകരണം ഡൽഹിയിലുള്ള ALPS ഇന്റർ നാഷണൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നു (പ്രോ.നം. 117/ 19 അടങ്കൽ 3,60,000 രൂപ) വാങ്ങുന്നതിനു പറളി ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡണ്ട്, പറളി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ